17..06..2006

മാതൃഭൂമി,
<u>കൊച്ചി</u>

വി.എസ്.അച്യുതാനന്ദൻ

1948ൽ കൊൽക്കത്തയിൽ ചേർന്ന രണ്ടാം പാർടി കോൺഗ്രസ് കമ്മ്യൂണിസ്റ്റ് പാർടിയുടെ ചരിത്രത്തിലെ സുപ്രധാനമായ സംഭവമാണ്. കൊൽക്കത്താ തീസിസ് എന്ന് പ്രസിദ്ധമായ രേഖയുടെ പേരിലാണ് അത് ചരിത്രത്തിൽ സ്ഥാനം പിടിച്ചത്. സായുധ കലാപത്തിനുള്ള ആഹ്വാനമാണ് കൊൽക്കത്താ തീസിസ് എന്ന് ആരോപിച്ച് പാർടിയെ നിരോധിക്കുകയും പ്രവർത്തകരെ അറസ്റ്റു ചെയ്യുകയും പരക്കെ അടിച്ചമർത്തൽ നയം സ്വീകരിക്കുകയുമായിരുന്നു സർക്കാർ. അറസ്റ്റിനു വഴങ്ങാതെ ഒളിവിൽ പോകാനും രഹസ്യമായി തൊഴിലാളിവർഗ പ്രസ്ഥാനം കെട്ടിപ്പടുക്കുവാനുമാണ് പാർടി തീരുമാനിച്ചത്. വലിയൊരളവോളം അത് വിജയിക്കുകയും ചെയ്തു.

കമ്മ്യൂണിസ്റ്റുകാരെ കൊന്നൊടുക്കാൻ പോലും അന്ന് ഭരണവർഗ്ഗം പരിശ്രമിച്ചു. എണ്ണമറ്റ രക്തസാക്ഷികൾ അങ്ങനെയാണുണ്ടായത്. എന്നാൽ ജനങ്ങളുടെ ജീവൽപ്രശ്നങ്ങളുയർത്തി സമരം ചെയ്യുന്നത് കമ്മ്യൂണിസ്റ്റുകാരാണെന്നതിനാൽ സാധാരണക്കാരായ ജനങ്ങൾ, ത്യാഗം സഹിച്ചുകൊണ്ട്, അത്യന്തം സ്നേഹവായ്പോടെ സഖാക്കളെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിച്ചു. രണ്ടാം പാർടി കോൺഗ്രസ്സിനു ശേഷമുള്ള ആ പീഡനകാലത്ത് ഒളിവിൽ കഴിയുമ്പോഴാണ് പാമ്പ് കടിയേറ്റ് സഖാവ് കൃഷ്ണപിള്ള മരിച്ചത്. പാമ്പു കടിയേറ്റ ഉടൻ അധികമാരെയെങ്കിലും അറിയിക്കാനോ വിദഗ്ദ്ധ ചികിത്സ തേടാനോ കഴിയാവുന്ന സാഹചര്യമില്ല. അതുകൊണ്ടു തന്നെ വേദന കടിച്ചമർത്തി താൻ അപ്പോൾ ചെയ്തുകൊണ്ടിരുന്ന പ്രവൃത്തി തുടരുകയായിരുന്നു സഖാവ്. പാർടിയുടെ സംസ്ഥാന യോഗത്തിലേക്കുള്ള രാഷ്ട്രീയ-സംഘടനാ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയായിരുന്നു സഖാവ്.

മരണം തൊട്ടടുത്ത് എത്തി എന്ന് മനസ്സിലായപ്പോൾ, കണ്ണിൽ ഇരുട്ട് കയറിത്തുടങ്ങിയപ്പോൾ സഖാക്കളെ മുന്നോട്ട് എന്ന ആഹ്വാനം എഴുതിവെച്ചു കൊണ്ട് സഖാവ് കണ്ണടച്ചു.

സഖാക്കളെ മുന്നോട്ട് എന്ന ആഹ്വാനമാണ് സഖാവിന്റെ സന്ദേശം. അതിൽ എല്ലാം അടങ്ങിയിട്ടുണ്ട്. മരണത്തിന്റെ മുന്നിലും പതറാത്ത നിശ്ചയദാർഢ്യവും വിപ്ലവക്കരുത്തും.

സഖാവിന്റെ ഒസ്യത്ത് പോലെ ലഭിച്ച ആ അവസാനത്തെ കുറിപ്പിൽ വ്യക്തമാക്കിയത് രണ്ടാം പാർടി കോൺഗ്രസ്സിലെ നിഗമനങ്ങൾ തന്നെ യായിരുന്നു. സ്വാതന്ത്ര്യ സമരത്തിൽ കൃഷിക്കാരും തൊഴിലാളികളും വിപുലമായി പങ്കെടുക്കുകയുണ്ടായി. എന്നാൽ രാജ്യത്തിന് കരഗതമായ അധികാരത്തിൽ നിന്നും അവർ പുറത്താണ്. അതുകൊണ്ട് തൊഴിലാളി കൾക്കും കൃഷിക്കാർക്കും അർഹമായ പങ്ക് സമരത്തിലൂടെ സ്ഥാപിച്ചെ ടുക്കാൻ കഴിയണം.

സാധാരണക്കാരിൽ സാധാരണക്കാരായ ബഹുജനങ്ങളുടെ കഷ്ടപ്പാടു കൾ പരിഹരിക്കുന്നതിന് സ്വാതന്ത്ര്യം പ്രയോജനപ്പെടണം. ജനാധിപത്യ ത്തിന്റെ യഥാർത്ഥ അർത്ഥം അതാണ്. അത് നേടിയെടുക്കാനുള്ള പല വിധേയനയുള്ള സമരങ്ങളാണ് കമ്മ്യൂണിസ്റ്റുകാർ സ്വാതന്ത്ര്യാനന്തരം നടത്തി വരുന്നത്. ആ സമരത്തിന് പല മുഖങ്ങളുണ്ട്. പ്രത്യക്ഷ സമരങ്ങളുണ്ട്, ആശയ സമരങ്ങളുണ്ട്. പാർലമെണ്ടറി ജനാധിപത്യത്തിന്റെ വേദികളുണ്ട്. എല്ലാ വേദികളും ഉപയോഗപ്പെടുത്തി തൊഴിലാളികളുടെയും കൃഷിക്കാരുടെയും മറ്റ് ബഹുജനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുക എന്നതാണ് പാർടിയുടെ കാഴ്ചപ്പാട്. അതോടൊപ്പം അന്തിമലക്ഷ്യം സോഷ്യലിസവും കമ്മ്യൂണിസവുമാണെന്ന കാര്യം തുറന്നു പറയാനും കമ്മ്യൂണിസ്റ്റുകാർ മടിക്കുന്നില്ല. കാൾമാർക്സും ഏംഗത്സും സിദ്ധാന്തിച്ചത് അതാണ്. കേരളത്തിൽ സഖാവ് കൃഷ്ണപിള്ള ഞങ്ങൾക്കു തന്ന പാഠവും സന്ദേശവും അതാണ്.

1957ൽ ലോകത്തിൽ ആദ്യമായി പാർലമെണ്ടറി ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റ് ഗവർമെണ്ട് കേരളത്തിൽ അധികാരത്തിൽ വന്നു. 1957ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. മന്ത്രിസഭയുടെ നയപ്രഖ്യാപനത്തിൽ അടങ്ങിയ സമീപനം മേൽപ്പറഞ്ഞതായിരുന്നു. ലഭ്യമായ അധികാരം എത്ര പരിമിതമാണെങ്കിലും അതുപയോഗിച്ച് സാധാരണക്കാർക്ക്, അദ്ധ്വാനിക്കുന്നവർക്ക് പരമാവധി സഹായം നൽകുക – അതോടൊപ്പം നാട്ടിന്റെ വിഭവശേഷി വർദ്ധിപ്പിക്കാനും കൂടുതൽ അധികാരങ്ങൾ

നേടിയെടുക്കാനും ശ്രമിക്കുക – സംസ്ഥാനത്തിന്റെ സമഗ്രമായ വികസനത്തിനായി ശ്രമിക്കുക.

പിന്നീട് അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാരുകളുടെയും എന്റെ നേതൃത്വത്തിൽ ഇപ്പോൾ കേരളത്തിൽ ഭരണം നടത്തുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും സമീപനം മേൽപ്പറഞ്ഞതു തന്നെയാണ്. കൃഷ്ണപിള്ള ആഹ്വാനം ചെയ്തതുപോലെ, അദ്ദേഹത്തിന്റെ സഖാക്കളായ ഞങ്ങൾ മുന്നോട്ടു പോവുകയാണ്. വിമർശനത്തോടൊപ്പം സ്വയം വിമർശനവും പരമപ്രധാനമാണെന്ന സഖാവിന്റെ സന്ദേശവും ഞങ്ങൾക്ക് വഴികാട്ടിയാണ്. സർക്കാരിന്റെയും സർക്കാരിനെ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും പ്രവർത്തനങ്ങൾ ആ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് മുന്നോട്ടു പോകുന്നത്. ഏതെങ്കിലും തരത്തിലുള്ള അധികാരങ്ങൾ പാർടിക്ക് ഇല്ലാതിരുന്ന കാലത്ത് സഖാവ് തന്നെ ചില ഇടപെടലുകൾ നടത്തിയതിന്റെ അനുഭവം ഞങ്ങൾക്കുണ്ട്. രണ്ടാംലോകമഹായുദ്ധകാലത്ത് നാട്ടിൽ ക്ഷാമം രൂക്ഷമായപ്പോൾ പലേടത്തും പ്രൊഡ്യൂസേഴ്സ് ആൻഡ് കൺസ്യൂമേഴ്സ് കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ നിലവിൽ വന്നു. ഓരോ പ്രദേശത്തും അതിന്റെ തലപ്പത്തിരുന്നത് അതാതിടത്തെ പ്രമാണിമാരായിരുന്നു. അതുകൊണ്ടു തന്നെ സൊസൈറ്റിയുടെ യഥാർത്ഥ ലക്ഷ്യം നിറവേറ്റുക പ്രയാസമായി. സൊസൈറ്റികളുടെ നിയന്ത്രണം കർഷക പ്രസ്ഥാനത്തിന്റെ കയ്യിൽ വന്നുചേരേണ്ടതിന്റെ പ്രാധാന്യം അന്ന് സഖാവ് പഠിപ്പിച്ചു. കർഷക പ്രസ്ഥാനത്തിന്റെ പ്രവർത്തകർക്ക് നിയന്ത്രണമുള്ള സൊസൈറ്റികളിൽ നെല്ല് സംഭരിക്കുകയും വറുതിയിലാണ്ട ജനങ്ങൾക്ക് വിതരണം ചെയ്യുകയുമുണ്ടായി. പൂഴ്ത്തിവെപ്പും കരിഞ്ചന്തയും തടയാൻ ശക്തമായ ഇടപെടൽ നടത്താൻ കഴിഞ്ഞു. അധികാരം എന്നത് ആരെയെങ്കിലും അടക്കി ഭരിക്കാനല്ല; സമൂഹത്തിൽ പുരോഗമനപരമായി ഇടപെടുന്നതിനും നീതി ലഭ്യമാക്കുന്നതിനും കഷ്ടപ്പെടുന്നവർക്ക് പരമാവധി സഹായം നൽകുന്നതിനുമാണ് എന്ന പാഠമാണ് സഖാവ് പഠിപ്പിച്ചത്. അധികാരം ജനസേവനവും പുരോഗമനത്തിന്റെ ഒരു സമര രൂപവുമാണ് കമ്മ്യൂണിസ്റ്റുകാർക്ക്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവർമെണ്ട് കഴിഞ്ഞ മൂന്നു മാസം കൊണ്ട് അന്വർത്ഥമാക്കാൻ ശ്രമിച്ചതും അതാണ്. വിളനഷ്ടത്തിലും കടക്കെണിയിലുംപെട്ട് നട്ടം തിരിയുന്ന കർഷകരുടെയും

തൊഴിൽനഷ്ടപ്പെട്ട് കഷ്ടപ്പെടുന്ന പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെയും എല്ലാം രക്ഷക്ക് വേണ്ടി കഴിവിന്റെ പരമാവധി പ്രവർത്തിക്കുകയാണ് സർക്കാർ. കുടിവെള്ളം പോലും ചൂഷണം ചെയ്ത് തടിച്ചുകൊഴുക്കുന്ന ബഹുരാഷ്ട്ര കുത്തക ഉല്പ്പന്നങ്ങളായ കൊക്കകോളയും പെപ്സിയും നിരോധിച്ചത് അതിന്റെ ഭാഗമാണ്. എൻഡോസൾഫാൻ കീടനാശിനി പ്രയോഗം കാരണം ദുരിതത്തിലാണ്ടവർക്ക് സഹായമെത്തിച്ചത് അതിന്റെ ഭാഗമാണ്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പാവപ്പെട്ടവർക്കും പിന്നോക്ക വിഭാഗങ്ങൾക്കും പ്രവേശനവും ഫീസിളവും ഉറപ്പാക്കാൻ നിയമം കൊണ്ടുവന്നത് അതിന്റെ ഭാഗമാണ്. എല്ലാം എടുത്തു പറയുന്നില്ല. സർക്കാർ പൊതുവായി മുന്നോട്ടു പോകുന്നതിന്റെ ദിശാസൂചന മാത്രമാണ് ഞാൻ നൽകിയത്.

എന്നെയും എന്റെ സഹപ്രവർത്തകരെയും നയിക്കുന്നത് സഖാക്കളെ മുന്നോട്ട് എന്ന ആഹ്വാനം തന്നെയാണ്.